മലയാള മനോരമ
15/12/2023

# ഊർജ കാര്യക്ഷമത: കേരളത്തിന് രണ്ടാം സ്ഥാനം

ന്യൂഡൽഹി ● ഊർജ കാര്യക്ഷമതാ സൂചികയുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഊർജ മന്ത്രാലയം നൽകുന്ന പുരസ്കാരത്തിൽ രണ്ടാം സ്ഥാനം കേരളത്തിന്. ആന്ധ്രാപ്രദേശാണ് ഒന്നാമത്. പുരസ്കാരം രാഷ്ട്രപതി ദ്രൗപദി മുർമുവിൽ നിന്ന് എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ.ആർ.ഹരികുമാർ ഏറ്റുവാങ്ങി. വൈദ്യുതി വിതരണം, ഗതാഗതം, വ്യവസായം തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങൾ കണക്കിലെടുത്താണു പുരസ്കാരം.

വിവിധ മേഖലകളിൽ മികവിനുള്ള പ്രശസ്തിപത്രം കേന്ദ്ര ഊർജമന്ത്രി ആർ.കെ.സിങ് വിതരണം ചെയ്തു. ഡയറി: മലബാർ റീജനൽ കോ-ഓപ്പറേറ്റീവ് മിൽക് പ്രൊഡ്യൂസേഴ്സ് യൂണിയൻ ലിമിറ്റഡ്, ഫെർട്ടിലൈസർ: ഫാക്ട്, പെട്രോളിയം റിഫൈനറി: ബിപിസിഎൽ കൊച്ചി റിഫൈനറി, സെറാമിക്: സെന്റ് ഗോബെയ്ൻ, പാലക്കാട്.